പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സ്, മെഡിക്കൽ വിഭാഗത്തിലെ വിവിധ ഡിഗ്രി കോഴ്സുകൾ, കമ്പ്യൂട്ടറധിഷ്ഠിത ഡിഗ്രി, മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ടാംവർഷ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു.

(ബി) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകൾ, ഗവേഷണ പഠനം, എം.ഫിൽ, എം.ബി.എ., ബി.എസ്.സി./എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.സി.എ., എം.സി.എ., കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള എം.എ. ടൈബൽ സോഷ്യോളജി, പോളിടെക്നിക് (3 വർഷ കമ്പ്യൂട്ടർ കോഴ്സുകൾ) തുടങ്ങിയ കോഴ്സുകളിൽ രണ്ടാംവർഷ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നത്.

(സി) 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന ടി പദ്ധതിയിൽ പ്രസ്തുത വർഷം 128 വിദ്യാർത്ഥികൾക്കും 2012-13 സാമ്പത്തിക വർഷം 251 വിദ്യാർത്ഥികൾക്കും 2013-14 സാമ്പത്തിക വർഷം 300 വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എല്ലാ വർഷവും അധ്യയന വർഷാരംഭത്തിൽ തന്നെ അർഹരായ വിദ്യാർത്ഥികളുടെ വിശദാംശം ശേഖരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ച് ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുവരുന്നു.

സ്പോർട്സ് കിറ്റ് വിതരണം

11 (*761) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കുന്ന ക്ലബ്ബുകൾക്കും സർക്കാർ സ്കൂളുകൾക്കും സ്പോർട്ട്സ് കിറ്റ് വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം കാര്യങ്ങളാണ് ഇത് വഴി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി പദ്ധതി രൂപീകരിച്ചിരുന്നു. പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കും കായിക ഉപകരണങ്ങൾ വാങ്ങി നൽകി, കായിക പരിശീലനം നടത്തുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, അതിലൂടെ യുവജന ക്ലബ്ബുകളെ ശക്തിപ്പെടുത്തുക, നഷ്ടമായിക്കൊണ്ടിരിക്കുന്ന കായിക മികവ് താഴെത്തട്ടിൽ നിന്നും വളർത്തി കൊണ്ടുവരിക, അതിലൂടെ മെച്ചപ്പെട്ട ശാരീരികശേഷി യുവാക്കൾക്ക് ലഭ്യമാക്കുക, കായിക സംസ്കാരം പുനരുജ്ജീവിപ്പിക്കുക തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) അരുവിക്കര ജി. വി. രാജ സ്പോർട്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പരിശീലനത്തിനായി മതിയായ കായിക ഉപകരണങ്ങൾ ഇല്ലാത്തതിനാൽ സ്കൂൾ അധികൃതരുടെ അപേക്ഷ പരിഗണിച്ച് 12,12,782 (പന്ത്രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) ചെലവിൽ കായിക ഉപകരണങ്ങൾ നൽകി.

(ഡി) കായിക ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് യുവജനക്ഷേമ ബോർഡ് നേരിട്ടാണ് നിർവ്വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly